# അകം നിറയെ വിസ്മയം

## ഇൻറീരിയറിലെ പുത്തൻ ട്രെൻഡുകളെ പരിചയപ്പെടുത്തുകയാണ് പ്രശസ്ത ആർക്കിടെക്ട് ബെന്നി കുര്യാക്കോസ്

കണ്ണടച്ചുതുറക്കുന്ന വേഗത്തിലാണ് വീടുകൾ മാറിക്കൊണ്ടിരിക്കുന്നത്. ഡിസൈനിലും ഇന്റീരിയറിലും ഫ്ളോറിങ്ങിലുമെല്ലാം നാൾക്കുനാൾ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നു. വിസ്തീർണ്ണമുള്ള വീടാണ് ഇപ്പോഴത്തെ ട്രെൻഡ്. എന്നാൽ, അധികം ആർഭാടങ്ങളൊന്നുമില്ലാതെ, ഏറ്റവും സിംപിൾ ആയിരിക്കുകയും ചെയ്യും. സ്റ്റൈലിനേക്കാളും പ്രാക്ടിക്കൽ ആയിട്ടുള്ള കാര്യങ്ങൾക്കാണ് എല്ലാവരും പ്രാധാന്യം കൊടുക്കുന്നത്. ഇരുപത് വർഷം മുമ്പുള്ള കാര്യം തന്നെ ആലോചിച്ചുനോക്കൂ. 4000 സ്ക്വയർഫീറ്റുള്ള വീടെന്ന് പറയുമ്പോൾ, അത്രയും വലുതോ എന്ന് അത്ഭുതപ്പെടും. എന്നാൽ, ഇന്ന് അതൊന്നും അത്ര പുതുമയല്ല. ടി.വി.യുടെ വലുപ്പം കൂടുന്നതിനനുസരിച്ച്, ലിവിങ് റൂമിന്റെ വലുപ്പവും കൂടുന്നു. ഇന്ന് എല്ലായിടത്തും എൽ.ഇ.ഡി അല്ലെങ്കിൽ എൽ.സി.ഡി ടിവിയല്ലേ ഉള്ളത്.

അടുക്കളയിൽ ഭക്ഷണം കഴിക്കാനായി ഒരു മേശയിടുന്ന പ്രവണത പണ്ടു മുതലേ നമ്മുടെ നാട്ടിലുണ്ടായിരുന്നു. എന്നാൽ അതിൽനിന്നും വ്യത്യസ്തമായിട്ട് ഇപ്പോഴുള്ള ട്രെൻഡാണ് കിച്ചൻ കം ഡൈനിങ് എന്നത്. കിച്ചനും ഡൈനിങ്ങും ഒരുമിച്ച് തന്നെ. ഭാര്യയും ഭർത്താവും ഉദ്യോഗസ്ഥരാണെങ്കിൽ, കിച്ചൻ കം ഡൈനിങ് ഉപകാരമാവും. ഭർത്താവിന് അടുക്കളപ്പണിയിൽ ഭാര്യയെ ഒരു കൈ സഹായിക്കാനും പറ്റും. എല്ലാ വീട്ടിലും ഒരു മുറി പ്രായമായവർക്കായി നീക്കിവെക്കാം. അത് താഴത്തെ നിലയിൽത്തന്നെയാവുന്നതാണ് നല്ലത്.

ഹോം ഓഫീസ് ആണ് മറ്റൊരു പ്രധാന ട്രെൻഡ്. കാരണം, ഇപ്പോൾ അധികംപേരും വീട്ടിൽത്തന്നെ ഇരുന്ന് ജോലി ചെയ്യുന്നവരാണ്. പ്രത്യേകിച്ച് ഐ.ടി.ഫീൽഡിലും മറ്റും ഉള്ളവർ. അതുകൊണ്ട് വീട് പണിയുമ്പോൾ ഹോം ഓഫീസ് കൂടി ഉൾപ്പെടുത്തുന്നുണ്ട് പലരും. ഹോം ഓഫീസ് കൊണ്ട് രണ്ടുണ്ട് കാര്യം. ഓഫീസിലേക്ക് പോവാനെടുക്കുന്ന സമയം ലാഭിക്കാം, ആ സമയംകൊണ്ട് ക്രിയേറ്റീവ് ആയിട്ടുള്ള എന്തെങ്കിലും ചെയ്യുകയും ആവാം. ബാത്ത്റൂമിൽ ഷവർ ക്യൂബിക്കിളും വലുപ്പമുള്ള വാഷ് ബേസിനുമാണ് ഇപ്പോൾ ട്രെൻഡ്.

പെയിന്റിങ്ങിന്റെ കാര്യത്തിലാണെങ്കിൽ, ലെഡ് പെയിന്റ് ഔട്ടായിക്കഴിഞ്ഞു. ഇപ്പോൾ കൂടുതലായി ഉപയോഗിക്കുന്നത് മഞ്ഞ, പച്ച, നീല എന്നീ നിറങ്ങളാണ്. ചുവർ, നിലം, ഫർണീച്ചർ എന്നിവ





**ഫർണീച്ചർ എവിടെയൊക്കെ വെക്കണമെന്ന് നോക്കിയിട്ടേ ഇലക്ട്രിക് പോയിൻറുകൾ എവിടെ വേണമെന്ന് തീരുമാനിക്കാൻ കഴിയൂ**

യ്ക്ക് ഇളംനിറത്തിലുള്ള പെയിന്റാണെങ്കിൽ മുറിയ്ക്ക് കൂടുതൽ വലുപ്പം തോന്നിക്കും. ലിവിങ് റൂമിൽ ഒരുപാട് പെയിന്റിങ്ങുകളും മറ്റും കുത്തിനിറച്ചാൽ, അത് വളരെ അരോചകമായിരിക്കും. മിനിമം ഫർണീച്ചർ...റൂമിന്റെ ഭംഗിയ്ക്ക് ഏറ്റവും പ്രധാനം അതാണ്. പല വീടുകളിലും കാണാം, മൂന്ന് സെറ്റ് സോഫയൊക്കെ ഇട്ടിരിക്കുന്നത്. രണ്ടെണ്ണം വശങ്ങളിലും ഒന്ന് നടുവിലും. നല്ലത് വശങ്ങളിൽ ക്രമീകരിക്കുന്ന ഇരിപ്പിടമാണ്.

## വീട് പണിയുന്നതിനു മുമ്പേ

വീട് വീടായി തോന്നണമെങ്കിൽ ഇന്റീരിയർ ഡിസൈനിങ്ങിൽ പ്രത്യേകം ശ്രദ്ധിക്കണം. കാറ്റും വെളിച്ചവും അകത്തേക്ക് പ്രവേശിക്കുന്ന രീതിയിലാവണം ഇത് ചെയ്യേണ്ടത്. സൗന്ദര്യവും ഒപ്പം സൗകര്യവും വേണം. മനോഹരമായ ഫർണിച്ചറുകളും



അവയുടെ അറേഞ്ച്മെന്റും വീടിന്റെ ഭംഗി കൂട്ടാൻ സഹായിക്കുമെന്നതിൽ തർക്കമില്ല. ഫർണിച്ചർ അറേഞ്ച്മെന്റ് കൂടി മനസ്സിൽ കണ്ടുകൊണ്ട് വേണം വീടുപണി പ്ലാൻ ചെയ്യാൻ. ഫർണീച്ചർ എവിടെയൊക്കെ വെക്കണമെന്ന് നോക്കിയിട്ടേ, ഇലക്ട്രിക് പോയിന്റുകൾ എവിടെ വേണമെന്ന് തീരുമാനിക്കാൻ കഴിയൂ. ഇരുപത് വർഷം മുമ്പൊക്കെ വീട് പണിയുമ്പോൾ, ആകെ രണ്ടോ മൂന്നോ ഇലക്ട്രിക്കൽ പോയിന്റ് മതിയായിരുന്നു. ട്യൂബ് ലൈറ്റ്, മറ്റൊരു ലൈറ്റ്, പിന്നെ ഒരു പ്ലഗ് പോയിന്റും. എന്നാലിന്ന് ആ സ്ഥിതി മാറി. ടേബിൾ ലാമ്പ്, ഡ്രസ്സിങ് മിറർ ലാമ്പ്, ടേബിളിനരികിലുള്ള പ്ലഗ് പോയിന്റ്, ബെഡ് സൈഡിലെ പ്ലഗ് പോയിന്റ്, ടെലിഫോൺ പോയിന്റ്...അങ്ങനെ കുറേയുണ്ടിന്ന്. അതുകൊണ്ട് അവ എവിടെ വേണമെന്ന് ആദ്യമേ തന്നെ തീരുമാനിക്കണം. ഉദാഹരണത്തിന് കട്ടിൽ വെക്കുന്നത് എവിടെയാണെന്ന് തീരുമാനിച്ചുകഴിഞ്ഞാൽ, കട്ടിലിൽ നിന്ന് കൈ എത്തുന്ന ദൂരത്ത് സ്വിച്ച്ബോർഡ് വെയ്ക്കാം. അതിനനുസരിച്ച് ഫർണിച്ചറും ഒരുക്കാം.

വീട്ടിലേക്കാവശ്യമുള്ള ഒരുപാട് ഉപകരണങ്ങൾ ഇപ്പോൾ മാർക്കറ്റിലുണ്ട്. പക്ഷേ, ഇവയെല്ലാം വെറുതെ വാങ്ങിക്കൂട്ടുന്നത് പണച്ചെലവാണ്. ഒപ്പം, അഭംഗിയും. ഉദാഹരണത്തിന്, പല വീടുകളിലും കാണാം ഒരു അലങ്കാരം പോലെ ഡിഷ് വാഷർ വാങ്ങിവെച്ചിരിക്കുന്നത്. എന്നാൽ, അതുപയോഗിക്കുകയുമില്ല. ഉപകാരമില്ലാത്ത ഇത്തരം ഉപകരണങ്ങൾ വാങ്ങാതിരിക്കുന്നതാണ് നല്ലത്. കിച്ചൻ ഷെൽഫുകൾ ഉണ്ടാക്കുമ്പോഴും ചില കാര്യങ്ങൾ ശ്രദ്ധിക്കാം. അത്ര വിലയില്ലാത്ത സാമഗ്രികൾ കൊണ്ട് കിച്ചൻ ഷെൽഫ് ഉണ്ടാക്കുന്നതാണ് നല്ലത്. കാരണം, പിന്നീടെപ്പോഴെങ്കിലും അടുക്കള ഒന്ന് മോഡിഫൈ ചെയ്യണമെന്ന് തോന്നിയാലോ. മുറികളിലും അടുക്കളയിലുമെല്ലാം സ്റ്റോറേജ് സ്പേസ് കൂട്ടാം.

ലിവിങ് റൂമിലും മറ്റും കുറേ ജനാലകൾ ഉള്ളത് നല്ലതാണ്. പ്രകൃതിദത്തമായ വെളിച്ചം അകത്തേക്ക് വരാൻ ഇത് ഉപകരിക്കും. പക്ഷേ, പണം കുറേ ചെലവാകും ജനാലകൾ പിടിപ്പിക്കുമ്പോൾ. ഫിക്സ് ചെയ്ത ഗ്ലാസുള്ള ജനാലകൾ കുറേക്കൂടി ലാഭകരമാണ്. എന്നാൽ, നമ്മുടെ നാട്ടിലെ കാലാവസ്ഥയിൽ ക്രോസ് വെന്റിലേഷനും തുറക്കാവുന്ന ജനാലകളുമാണ് അനുയോജ്യം.



● ബെന്നി കുര്യാക്കോസ്
ആർക്കിടെക്ട്, ചെന്നൈ